**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19 .06. 2023

## കൈക്കൂലി കേസ്സിൽ വില്ലേജ് അസിസ്റ്റന്റിനെ കഠിന തടവിന് ശിക്ഷിച്ചു.

പാലക്കാട് ജില്ലയിലെ ചളവറ വില്ലേജ് ഓഫീസിൽ 2012-ൽ ഓഫീസ് അസിസ്റ്റന്റായിരുന്ന വിൽസനെ കൈക്കൂലി വാങ്ങിയ കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി നാല് വർഷം കഠിന തടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനും ബഹു.തൃശ്ശൂർ വിജിലൻസ് കോടതി ശിക്ഷിച്ചു.

പാലക്കാട് ജില്ലയിലെ ചളവറ വില്ലേജിലെ പരാതിക്കാരന്റെ ഭൂമിയുടെ സർവ്വേ നമ്പർ തെറ്റായി നികുതി രസീതിൽ രേഖപ്പെടുത്തിയത് ശരിയാക്കി നൽകുന്നതിന് വില്ലേജ് അസിസ്റ്റന്റായിരുന്ന പി.ജെ വിൽസൺ രണ്ടാം ഗഡുവായി 2000/- രൂപ പരാതിക്കാരനിൽ നിന്ന് വാങ്ങവേ 2012 നവംബർ 1-ാം തീയതി പാലക്കാട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. കെ. സതീശൻ കൈയ്യോടെ പിടികൂടിയ കേസ്സിലാണ് വിൽസനെ തൃശ്ശൂർ വിജിലൻസ് കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി വിവിധ വകുപ്പുകളിലായി രണ്ട് വർഷം വീതം ആകെ നാലു വർഷം കഠിന തടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

പ്രതി സ്ഥല പരിശോധനയ്ക്ക് എത്തിയ സമയത്തും പരാതിക്കാരനിൽ നിന്നും 1000/- രൂപ കൈക്കൂലി വാങ്ങിയിരുന്നു. വിജിലൻസ് പാലക്കാട് യൂണിറ്റ് മുൻ ഡി.വൈ.എസ്. പി ശ്രീ. കെ. സതീശൻ രജിസ്റ്റർ ചെയ്ത കേസ്സിൽ വിജിലൻസ് മുൻ ഡിവൈ.എസ്. പി ശ്രീ.എം. സുകുമാരൻ അന്വേഷണം നടത്തി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയായിരുന്നു. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ഈ.ആർ സ്റ്റാലിൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു